## പുല്ലൂറ്റ് കെ.കെ.ടി.എം ഗവ: കോളേജ്  മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് മലയാള ഗവേഷണകേന്ദ്രത്തിൻ്റെ നേതൃത്വത്തിൽ 10/11/2020 ചൊവ്വായാഴ്ച 7.30 P M ന് നടന്ന പ്രതിവാര സെമിനാറിൻ്റെ റിപ്പോർട്ട്.

കെ കെ ടി എം ഗവൺമെൻ്റ് കോളേജ് മലയാളവിഭാഗം ഗവേഷണകേന്ദ്രമായ മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് ഗവേഷണകേന്ദ്രത്തിൻ്റേയും മലയാള വിഭാഗത്തിൻ്റേയും നേതൃത്വത്തിൽ ഗവേഷകർക്ക് വേണ്ടി നടത്തുന്ന പ്രതിവാര സെമിനാറിലെ മൂന്നാമത്തെ അവതരണം വകുപ്പദ്ധ്യക്ഷ ഡോ.ജി ഉഷാകുമാരിയുടെ ആഭിമുഖ്യത്തിൽ 10/11/2020 ചൊവ്വാഴ്ച 7.30 pm ന് നടന്നു.ഗവേഷകയായ ഹീര ടി.എം വെബിനാറിലേയ്ക്ക് ഏവരേയും സ്വാഗതം ചെയ്തു.അഞ്ജലി മോഹൻ ആയിരുന്നു പ്രബന്ധാവതാരക.






ഒപ്പന: കല, സംസ്കാരം, രാഷ്ട്രീയം എന്ന വിഷയത്തെ മുൻനിർത്തിയാണ് അഞ്ജലി പ്രബന്ധം അവതരിപ്പിച്ചത്.



ഒപ്പന എന്ന ദൃശ്യകലയുടെ ചരിത്രവഴികളും അത് കേരളീയസാംസ്കാരിക മണ്ഡലത്തിൽ ചെലുത്തിയ സ്വാധീനവും ഒപ്പനയുടെ ജനകീയതലവും ഒതുക്കപ്പെടലുകളും സ്ത്രീ പ്രാതിനിധ്യവും സ്ത്രീവിരുദ്ധതയും എല്ലാം പ്രബന്ധം ചർച്ച ചെയ്തു.

തുടർന്ന് പ്രബന്ധാവതരണത്തെകുറിച്ച് നടന്ന ചർച്ചയിൽ മോഡറേറ്ററായി ഗവേഷകയായ സിൻ്റോ കോങ്കോത്തും ഡിസ്കൻ്റായി ഗവേഷകനായ ഫെൽബിനും പങ്കെടുത്തു.

അദ്ധ്യാപകരായ ഡോ.ജി.ഉഷാകുമാരി,ഡോ .മുഹമ്മദ് ബഷീർ എന്നിവർ ചർച്ചയിൽ പങ്കെടുക്കുകയും ഒരു വിഷയത്തെ പ്രശ്നവൽക്കരിച്ചു കൊണ്ട് രീതിശാസ്ത്രത്തിൻ്റെ പിൻബലത്തോടെ പ്രബന്ധം അവതരിപ്പിക്കേണ്ടതിൻ്റെ ആവശ്യകത ഓർമ്മപ്പെടുത്തുകയും ചെയ്തു.ഗവേഷകരായ , സൗമ്യ, വൈശാഖ് തുടങ്ങിയവരും സംവാദത്തിൽ സജീവമായി പങ്കെടുത്തു. ഗവേഷകയായ സിൻ്റോ കോങ്കോത്ത് വെബിനാറിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിച്ചു. 8.30 pm ഓടെ  വെബിനാർ അവസാനിച്ചു.

ഏകദേശം പതിനാറോളം പേർ പങ്കെടുത്ത വെബിനാറിൻ്റെ ഉപഭോക്താക്കൾ ഈ ഗവേഷണ കേന്ദ്രത്തിലെ ഗവേഷക വിദ്യാർത്ഥികൾ ആണ്.